പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8120 17.07.2014-ൽ മറുപടിക്ക്

## പൊന്നാനി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ സീനിയർ കൺസൾട്ടന്റ് തസ്തിക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പൊന്നാനി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ, സീനിയർ കൺസൾട്ടന്റ് (ഫിസിഷ്യൻ) തസ്തിക എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നു എന്ന് അറിയിക്കാമോ; | (എ) പൊന്നാനി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ, സീനിയർ കൺസൾട്ടന്റ് (ഫിസിഷ്യൻ) തസ്തിക നിലവിലില്ല. |
| (ബി) പ്രസ്തുത തസ്തികയിൽ ജോലി ചെയ്തിരുന്ന ഡോക്ടർ ഏത് തരത്തിലുള്ള ലീവ് ആണ് എടുത്തിട്ടുള്ളത്; | (ബി) പൊന്നാനി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ, കൺസൾട്ടന്റിന്റെ (ഫിസിഷ്യൻ) തസ്തികയാണ് നിലവിലുള്ളത്. പ്രസ്തുത തസ്തികയിലുള്ള ഡോക്ടർ 13.03.2011 മുതൽ 12.06.2011 വരെ ആർജ്ജിതാവധിയ്ക്ക് അപേക്ഷിച്ചിരുന്നു. പ്രസ്തുത ലീവ് അനുവദിക്കാതെ ജില്ലാ മെഡിക്കൽ ഓഫീസർ തിരിച്ചയച്ചിട്ടുണ്ട്. |
| (സി) ഇവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ടോ; ഇല്ലെങ്കിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ തീയതി വ്യക്തമാക്കാമോ; | (സി) ടി ഡോക്ടർ 13.03.2011 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയാണ്. |
| (ഡി) പ്രസ്തുത തസ്തികയിലേയ്ക്ക് പുതിയ ആളെ നിയമിക്കുന്നതിന് നിയമതടസ്സമുണ്ടോ; | (ഡി) ഇല്ല. |
| (ഇ) ഇല്ലായെങ്കിൽ അടിയന്തിരമായി ആളെ നിയമിക്കാമോ? | (ഇ) പ്രസ്തുത ഒഴിവിലേക്ക് കൺസൾട്ടന്റിനെ നിയമിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

Sobha

സെക്ഷൻ ഓഫീസർ